ബിജെപി പ്രവർത്തകനായ രാജേഷ് തടഞ്ഞുനിർത്തി ചോദ്യം ചെയ്യുന്നതിനിടയിൽ തുടർന്നുണ്ടായ വാക്കുതർക്കം കാരണം 29-6-2014-ാം തീയതി പാണത്തൂർ ടൗണിലുള്ള മുസ്ലീം പള്ളിയുടെ മുൻഭാഗം റോഡിൽ വെച്ച് ടി രാജേഷ് കൊല്ലണമെന്ന ഉദ്ദേശ്യത്തോടുകൂടി കുത്തിപ്പരുക്കേൽപ്പിച്ചതിൽ വെച്ച് അബ്ദുൾ ഷെറീഫ് മരണപ്പെട്ടു.

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രാജപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 208/14 u/s 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിലെ പ്രതിയായ രാജേഷ് എന്ന ബി.ജെ.പി പ്രവർത്തകനെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഇനി ആരേയും അറസ്റ്റ് ചെയ്യുവാൻ ബാക്കിയില്ലാത്തതുമാകുന്നു.

(സി) ഈ കേസ്സിന്റെ അന്വേഷണ ചുമതല വെള്ളരിക്കുണ്ട് ഇൻസ്പെക്ടർ ശ്രീ. സുരേഷ് കുമാറിനാണ്.

ആലപ്പുഴ-പിൻവലിച്ച കേസ്സുകൾ

148 (7711) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പിൻവലിച്ച കേസുകളുടെ എണ്ണം പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(സി) പിൻവലിച്ച കേസുകളുടെ സ്വഭാവം എന്തെന്നും അതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 9 കേസുകൾ.

(ബി) ചേർത്തല പോലീസ് സ്റ്റേഷൻ - 1

ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷൻ - 3

പൂച്ചാക്കൽ പോലീസ് സ്റ്റേഷൻ - 3

വീയപുരം പോലീസ് സ്റ്റേഷൻ - 1

ചെങ്ങന്നൂർ പോലീസ് സ്റ്റേഷൻ - 1

(സി) പിൻവലിച്ച കേസുകളുടെ സ്വഭാവം

രാഷ്ട്രീയ കേസുകൾ -4

പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള ആക്രമണം-1

മറ്റുള്ളവ-4

പൊതുതാല്പര്യം കണക്കിലെടുത്താണ് കേസുകൾ പിൻവലിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly